(എ) അവശ്യസാധനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് സംസ്ഥാനത്ത് ഇന്ന് നിലവിലുള്ള സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി ശാസ്ത്രീയമായ സംവിധാനങ്ങൾ സംസ്ഥാനത്തിന് ലഭ്യമായിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇത് ലഭ്യമാക്കുന്നതിനുവേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) റേഷനിംഗ് ഓർഡറിന്റെ പരിധിയിൽ വരുന്ന അരി, ഗോതമ്പ് എന്നിവ കേന്ദ്ര സർക്കാരിന്റെ ഏജൻസിയായ ഫുഡ് കോർപ്പറേഷനാണ് സൂക്ഷിച്ചു വരുന്നത്. അവശ്യസാധനങ്ങൾ സൂക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ, കേരള സ്റ്റേറ്റ് മാർക്കറ്റിംഗ് ഫെഡറേഷൻ എന്നിവയും പ്രവർത്തിച്ചു വരുന്നു. കൂടാതെ സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനവും ഈ മേഖലയിൽ ലഭ്യമാണ്.

(ബി)&(സി) ഉണ്ട്. ഗോഡൗണുകളിൽ സംഭരിക്കുന്ന സാധനങ്ങൾ കീടബാധയുണ്ടാകാതെ സൂക്ഷിക്കുക, ഭക്ഷ്യധാന്യങ്ങളുടെ ഈർപ്പശതമാനം അടിസ്ഥാനമാക്കി ഉള്ള വിതരണ രീതി എന്നിവ ശാസ്ത്രീയമായിതന്നെ നിയന്ത്രിച്ചു വരുന്നു.

ഇതിനുവേണ്ടി എല്ലാ റീജിയണിലും ക്വാളിറ്റി കൺട്രോളറും അതിലേക്കു വേണ്ട ശാസ്ത്രീയ ഉപകരണങ്ങളും പ്രദാനം ചെയ്തിട്ടുണ്ട്.

വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വികസനം

21 (*21)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനത്തിനായി അതോറിറ്റികൾ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഏതൊക്കെ പ്രദേശങ്ങളിലാണ് അതോറിറ്റികൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിനോദസഞ്ചാര രംഗത്തേക്ക് സ്വകാര്യനിക്ഷേപകരെ ആകർഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ഇ) കഴിഞ്ഞ രണ്ടുവർഷമായി വിനോദസഞ്ചാര മേഖലയിലെ സ്വകാര്യ നിക്ഷേപം എത്രയായിരുന്നുവെന്നു കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) വിനോദസഞ്ചാര വികസന അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ) :

(എ) സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ വികസനം ലക്ഷ്യമാക്കി സംസ്ഥാന സർക്കാർ ടൂറിസം വകുപ്പ് മുഖേന നേരിട്ടും സർക്കാർ ഏജൻസികളായ കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ബേക്കൽ റിസോർട്ട്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകൾ, തെന്മല എക്കോ ടൂറിസം പ്രൊമോഷൻ സൊസൈറ്റി എന്നിവ വഴിയും നിരവധി പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. അവയിൽ മുഖ്യമായവ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) നിയന്ത്രിത ടൂറിസം വികസനം ലക്ഷ്യമാക്കി ടൂറിസം വികസന അതോറിറ്റികൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഇക്കാര്യത്തിൽ വിശദാംശങ്ങൾ തീരുമാനിക്കപ്പെട്ടിട്ടില്ല.

(ഡി) കൂടുതൽ സ്വകാര്യ നിക്ഷേപകരെ ആകർഷിക്കുന്നതിലേക്കായി പല പ്രോത്സാഹനങ്ങളും ഇളവുകളും നൽകി വരുന്നുണ്ട്. അർഹമായ ടൂറിസം യൂണിറ്റുകൾക്ക് മൊത്തം നിക്ഷേപത്തിന്റെ 10% (പരമാവധി പത്ത് ലക്ഷം രൂപ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകുന്നുണ്ട്. ഇവർക്ക് ഫിനാൻഷ്യൽ കോർപ്പറേഷൻ പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനും സഹായിക്കുന്നുണ്ട്. ക്ലാസിഫൈഡ് ഹോട്ടലുകൾക്ക് കറണ്ടു ചാർജിൽ ഇളവ് അനുവദിക്കുന്നുണ്ട്. സ്വകാര്യ നിക്ഷേപകർക്ക് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകാനായി ഒരു ഗൈഡൻസ് സെൽ ടൂറിസം ഡയറക്ടറേറ്റിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ടൂറിസം വകുപ്പ് പങ്കെടുക്കുന്ന മേളകൾ വഴിയും മറ്റു പ്രചാരണോപാധികളിൽ ഉൾപ്പെടുത്തിയും സ്വകാര്യ നിക്ഷേപകർ നടത്തുന്ന സ്ഥാപനങ്ങളുടെ മാർക്കറ്റിംഗിനും അർഹമായ സഹായം നൽകിവരുന്നുണ്ട്. കൂടാതെ കൂടുതൽ സ്വകാര്യ നിക്ഷേപകർ കടന്നുവരാൻ ഉതകുന്ന രീതിയിൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ടൂറിസം രംഗത്തെ എല്ലാ പ്രവർത്തനങ്ങളിലും അവരുമായി ആശയവിനിമയം നടത്തുവാനും സർക്കാർ എല്ലാ ഏർപ്പാടുകളും ചെയ്തിട്ടുണ്ട്. കൂടുതൽ നിക്ഷേപം സ്വകാര്യമേഖലയിലും സംയുക്തമേഖലയിലും ആകർഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഇതിനായുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്ന ടൂറിസ്റ്റ് റിസോർട്ട്സ് (കേരള) മുഖേന നടത്തിവരുന്നുണ്ട്.

(ഇ) കൃത്യമായി കണക്കുകൾ ലഭ്യമല്ല. എങ്കിലും, ഏകദേശം 200 കോടി രൂപയോളം വരുമെന്ന് കരുതുന്നു.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്
883/2010.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) വിനോദസഞ്ചാര വികസന അതോറിറ്റികൾ നിലവിൽ വന്നിട്ടില്ല.

പഞ്ചിംഗ് സമ്പ്രദായം

22 (*22)ശ്രീ. എം.കെ. മുനീർ :

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. കെ. അച്ച്യുതൻ :

ശ്രീ. ജി. കാർത്തികേയൻ :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിവിൽ സർവ്വീസിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സർക്കാർ ഓഫീസുകളിൽ പഞ്ചിംഗ് സമ്പ്രദായം ഏർപ്പെടുത്തുവാൻ ഉദ്ദേശമുണ്ടോ; അതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു;

(ഡി) എന്നുമുതലാണ് ഈ സമ്പ്രദായം ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഇ) ഇതു സംബന്ധിച്ച് ഭരണപരിഷ്കാരസമിതി നൽകിയിട്ടുള്ള ശുപാർശകൾ എന്തെല്ലാമാണ്;

(എഫ്) സർക്കാർ തീരുമാനം ജീവനക്കാരുടെ സംഘടനകൾ സ്വാഗതം ചെയ്തിട്ടുണ്ടോ;

(ജി) ജീവനക്കാർക്കു കൃത്യമായി ഓഫീസിൽ എത്തുന്നതിന് ആവശ്യമായ യാത്രാസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ആവശ്യമുള്ളത്ര സ്റ്റാഫ് കാർട്ടേഴ്സുകൾ സ്ഥാപനത്തിൽ നിന്നും അധികം ദൂരെ അല്ലാതെ പണിത് നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എച്ച്) എങ്കിൽ ഈ നടപടി പൂർത്തിയാക്കുന്നതുവരെ പഞ്ചിംഗ് സമ്പ്രദായം നടപ്പിലാക്കുന്ന കാര്യം നീട്ടി വയ്ക്കാമോ;

(ഐ) സർക്കാർ ഓഫീസുകളിൽ ജീവനക്കാരുടെ ഹാജർ നില ഉറപ്പാക്കുന്നതിനായി ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഭരണസംവിധാനം സുഗമമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും വേണ്ടി മുഖ്യമന്ത്രി ചെയർമാനായി ഭരണപരിഷ്കാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഭരണപരിഷ്കാര കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പരിശോധിച്ച് നടപടികൾ സ്വീകരിക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(സി) ഉണ്ട്. ഇതിനുവേണ്ടി നടപടികൾ എടുത്തുവരുന്നു.

(ഡി) തീയതി നിശ്ചയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly